# പന്തപ്ലാക്കൽ കുടുംബയോഗം

## രണ്ടാം വാർഷിക സമ്മേളനം

25 . 11 . 2003 ചൊവ്വാഴ്ച 9 am to 5 pm

കുറ്റ്യാടി - മരുതോംകര

പന്തപ്ലാക്കൽ ജോണി മാത്യുവിന്റെ ഭവനത്തിൽ

To

Sri

മനോജ് ബേബി പന്തപ്ലാക്കൽ
ഇലക്ട്രിക് - ഇൻഡ്യ, താമരശ്ശേരി,
കോഴിക്കോട്,
ഫോൺ : 0495 - 2222362

## പന്തപ്ലാക്കൽ കുടുംബയോഗം ഭാരവാഹികൾ

**രക്ഷാധികാരി**
റവ: ഫാ: തോമസ് പന്തപ്ലാക്കൽ സി.എം.ഐ.
മൈസൂർ.

**പ്രസിഡണ്ട്**
ജോസഫ് (അപ്പച്ചൻ) പന്തപ്ലാക്കൽ, പേരാവൂർ

**വൈ: പ്രസിഡണ്ട്**
ജോസഫ് (ഔസേപ്പച്ചൻ) പന്തപ്ലാക്കൽ, ആലക്കോട്

**സെക്രട്ടറി**
വി.ജെ. ചെറിയാൻ മാസ്റ്റർ, പേരാവൂർ

**ജോ. സെക്രട്ടറി**
പി.വി. ജോർജ്ജ്, പന്തപ്ലാക്കൽ, മണത്തണ

**ട്രഷറർ**
ബേബി പന്തപ്ലാക്കൽ, താമരശ്ശേരി

**എക്സിക്യുട്ടീവ് കമ്മിറ്റി**
ജോണിമാത്യു പന്തപ്ലാക്കൽ, കുറ്റ്യാടി
ജോണി പന്തപ്ലാക്കൽ, കുറ്റ്യാടി
ജോസ് പി.റ്റി., പന്തപ്ലാക്കൽ, മണത്തണ
ഏലിക്കുട്ടി ജോസഫ് പന്തപ്ലാക്കൽ, മണത്തണ
ജോസഫ് പി.വി., പന്തപ്ലാക്കൽ, മണത്തണ
ആൻസി സെബാസ്റ്റ്യൻ, തോലമ്പ്ര
അപ്പച്ചൻ തോപ്പിൽ പന്തപ്ലാക്കൽ, കോട്ടയം

**യുവജന വിഭാഗം**

**പ്രസിഡണ്ട്**
മനോജ് ബേബി പന്തപ്ലാക്കൽ, താമരശ്ശേരി

**സെക്രട്ടറി**
തോമസ് പി.ജെ., പന്തപ്ലാക്കൽ, പേരാവൂർ




പ്രിയ കുടുംബാംഗങ്ങളെ,

നമ്മുടെ കുടുംബകൂട്ടായ്മയുടെ രണ്ടാം വാർഷിക സമ്മേളനം 25.11.03 ചൊവ്വാഴ്ച രാവിലെ 9 മുതൽ വിപുലമായ പരിപാടികളോടെ കോഴിക്കോട് ജില്ലയിൽ മരുതോംകരയിലുള്ള (കുറ്റ്യാടി) ശ്രീ. ജോണി മാത്യുവിന്റെ വീട്ടിൽ വെച്ച് നടക്കുകയാണ്. കഴിഞ്ഞ വർഷം പേരാവൂരിൽ വെച്ച് നടന്ന ഒന്നാം വാർഷിക സമ്മേളനം ചിരപുരാതനമായ നമ്മുടെ കുടുംബത്തെ സംബന്ധിച്ചിടത്തോളം ഒരു ചരിത്രസംഭവമായിരുന്നു. പ്രസ്തുത സമ്മേളനത്തിന്റെ മധുര സ്മരണകൾ അവിസ്മരണീയവും ആവേശജനകവുമാണ്. വർഷത്തിലൊരിക്കൽ മുടങ്ങാതെ കുടുംബയോഗവാർഷികം സംഘടിപ്പിക്കണമെന്ന് ഒന്നാം സമ്മേളനം ഏകകണ്ഠമായി തീരുമാനിച്ചു. നമ്മുടെ കുടുംബയോഗത്തിന് ഭരണഘടനയും തെരഞ്ഞെടുക്കപ്പെട്ടഭാരവാഹികളും ആ യോഗത്തിലുണ്ടായി. ഭരണസമിതി പലതവണ ചേർന്ന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും, കൂടുതൽ പ്രയോജന പ്രദമായവിധത്തിൽ രണ്ടാം വാർഷികം നടത്തുവാനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തിട്ടുണ്ട്.

നീണ്ടകാലത്തെ ശ്രമകരമായ പരിശ്രമത്തിന്റെ ഫലമായി ശാഖകളും ഉപശാഖകളുമായി ലോകം മുഴുവൻ വ്യപിച്ചുകിടക്കുന്ന നമ്മുടെ കുടുംബാംഗങ്ങളുടെ മേൽവിലാസം ഒട്ടുമുക്കാലും ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അത് പൂർണ്ണമാണെന്ന് വിശ്വാസമില്ല. ലഭിച്ചിട്ടുള്ള അഡ്രസ്സുകൾ ഉൾപ്പെടുത്തി ഒരു ചെറിയ ബുക്ക് ഇതോടൊപ്പം അയക്കുന്നു. അതിലെ അപാകതകളും പോരായ്മകളും ചൂണ്ടിക്കാണിക്കണം - തിരുത്താം

ഏതായാലും രണ്ടാം വാർഷിക സമ്മേളനം ഒരു മഹത്സംഭവമാക്കിത്തീർക്കുവാൻ വിവിധ പ്രദേശങ്ങളിൽ വ്യാപിച്ചുകിടക്കുന്ന കുടുംബത്തിലെ ഓരോ അംഗത്തേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

എന്ന് നന്ദിപൂർവ്വം

പ്രസിഡണ്ട്
പി.ടി. ജോസഫ്

സെക്രട്ടറി
ചെറിയാൻ മാസ്റ്റർ

പേരാവൂർ
25.10.03

**NB :- I)** ഈസമ്മേളനത്തിൽ(യോഗത്തിൽ പങ്കെടുക്കുന്ന താഴെ പറയുന്നവരെ പൊന്നാടയും സമ്മാനങ്ങളും നൽകി ആദരിക്കുന്നതാണ്. 1). ഏറ്റവും പ്രായം കൂടിയ കുടുംബാംഗം (പുരുഷൻ -1, സ്ത്രീ -1)

2). ഏറ്റവും പ്രായം കൂടിയ ദമ്പതിമാർ

3). ഏറ്റവും ഒടുവിൽ വിവാഹിതരായ ദമ്പതിമാർ

4). ഏറ്റവും ഒടുവിൽ ജനിച്ച കുട്ടി

5). ഓരോവർഷവും എസ്. എസ്. എൽ. സി. പരീക്ഷയിൽ 500 മാർക്കിൽ കൂടുതലും പ്ലസ് ടു പരീക്ഷയിൽ 80% മാർക്കിൽ കൂടുതലും വാങ്ങിയ കുട്ടികൾ (അറ്റസ്റ്റ് ചെയ്ത സർട്ടിഫിക്കറ്റ് ഹാജരാക്കണം)

6). ജില്ലാ-സംസ്ഥാന-ദേശീയ-അന്തർദേശീയ തലങ്ങളിൽ കല-കായിക-സാഹിത്യ രംഗത്ത് എടുത്തുപറയത്തക്ക വിജയം നേടിയിട്ടുള്ള കുട്ടികൾ (അറ്റസ്റ്റ് ചെയ്ത സർട്ടിഫിക്കറ്റ് ഹാജരാക്കണം) സമ്മാനാർഹരയാവർ നവമ്പർ 15 ന് മുമ്പ് 0490 - 2448104 എന്ന നമ്പറിൽ അറിയക്കുക.

**II)** ഓരോ പ്രദേശത്തുള്ളവർ ഒത്തുചേർന്ന് കഴിയുമെങ്കിൽ സ്പെഷ്യൽ വാഹനൾ സംഘടിപ്പിച്ച് പരമാവധി അംഗങ്ങളെ സമ്മേളനത്തിൽ എത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. വരുന്നവർ ഫോൺ മുഖേനയോ, കത്തുമുഖേനയോ സമ്മേളനം സംഘടിപ്പിക്കുന്ന കുടുംബനാഥനെ (ജോണി മാത്യു, മരുതോംകര) മുൻകൂട്ടി അറിയിച്ചാൽ നന്നായിരിക്കും. (ഫോ : 0496 2666245)

**III)** നമ്മുടെ കുടുംബകൂട്ടായ്മയുടെ സുഗമമായ പ്രവർത്തനത്തിന് സാമ്പത്തികം ഒരു വലിയ പ്രശനമാണ്. വാർഷിക യോഗങ്ങളിൽ പങ്കെടുക്കുവാൻ കുടുംബാംഗങ്ങൾക്ക് വലിയ ചിലവ് വഹിക്കേണ്ടതുണ്ട്. സംഘാടകർക്ക് ഇതിനോടകം വലിയ ചെലവ് വന്നിട്ടുണ്ട്. ക്രമത്തിലധികം നഷ്ടം സഹിച്ച് മുന്നോട്ടു പോയാൽ ഭാവിയിൽ മുൻനിരയിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരിയ സോഭാവികമാണ്. ആയതുകൊണ്ട് നമ്മുടെ കുടുംബയോഗത്തിന്റെ ശാശ്വതമായ നിലനിൽപ്പിന് ഒരു കുടുംബയോഗ ഫണ്ട് രൂപീകരിക്കേണ്ടതിന്റെ അത്യാവശ്യം ആർക്കും ബോധ്യപ്പെടും. ഈ ഉദ്ദേശ്യം വച്ചുകൊണ്ട്, തൊണ്ടിയിൽ സർവ്വീസ് സഹകരണ ബാങ്കിൽ (പി.ഒ. തൊണ്ടിയിൽ, കണ്ണൂർ -670 673,ഫോ: 0490 - 2444438) ഒരു **S.B** അക്കൗണ്ട് **(No. 4303 )** ഓപ്പൺ ചെയ്തിട്ടുണ്ട്. വിദേശരാജ്യങ്ങളിലും മറ്റും ജോലിചെയ്യുന്ന നമ്മുടെ കുടുംബാംഗങ്ങളെ കൊണ്ട് ഈ ഫണ്ടിലേയ്ക്ക് സംഭാവനകൾ ചെയ്യുവാൻ ബന്ധപ്പെട്ട മാതാപിതാക്കളും സഹോദരങ്ങളും സ്നേഹപൂർവ്വം നിർബന്ധിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

**IV)** കലാപരിപാടികൾ അവതരിപ്പിക്കുവാൻ താൽപര്യമുള്ള കുട്ടികളുടെ പേർ വിവരം സെക്രട്ടറിയെ മുൻകൂട്ടി അറിയിക്കണം

സെന്റ് ജൂഡ് ഓഫ്സെറ്റ്, തൊണ്ടിയിൽ - Ph: 0490 - 2444884